## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ ***181** — 09.12.2014-ലെ മറുപടിയ്ക്ക്

### വില്പന നികുതി അടയ്ക്കാതെ ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. എ.എം. ആരിഫ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) | വില്പനനികുതി അടയ്ക്കാതെ ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകൾ സംസ്ഥാനത്ത് വ്യാപകമായ തോതിൽ സാധനങ്ങൾ വില്പന നടത്തി വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഓൺലൈൻ സൈറ്റിലൂടെ സാധനങ്ങൾ വാങ്ങുന്ന പ്രവണത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ഓൺലൈൻ വഴി ഓർഡറുകൾ സ്വീകരിക്കുകയും ഉപഭോക്താക്കൾക്ക് പ്രധാനമായും കൊറിയർ വഴി സാധനങ്ങൾ എത്തിക്കുകയുമാണ് ചെയ്യുന്നത്. ഉപഭോക്താക്കളുടെ പേരിൽ ബില്ല് ചെയ്തു വരുന്ന ഇത്തരം സാധനങ്ങൾക്ക് അതാത് സംസ്ഥാനങ്ങളിൽ നിലവിലുള്ള നികുതി ഈടാക്കിയതായിട്ടാണ് ബില്ലിൽ രേഖപ്പെടുത്തിക്കാണുന്നത്. ഇവർക്ക് കേരളത്തിൽ ഡീലർമാരോ, കടകളോ കാണുകയില്ല. അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് നടത്തുന്ന ഇത്തരം വില്പന, കേന്ദ്ര ചരക്ക് വില്പന നിയമത്തിലും, കേന്ദ്ര വില്പന നികുതി നിയമത്തിലും വ്യവസ്ഥചെയ്യപ്പെട്ടിട്ടുള്ള രീതിയിൽ ആകയാൽ നിയമപരമായി തടയുവാൻ ബുദ്ധിമുട്ടുള്ളതുമാണ്. |
| (ബി) | ഏതെല്ലാം ഓൺലൈൻ ഷോപ്പിംഗ് (ഇ-കോമേഴ്സ്) സൈറ്റുകൾ സംസ്ഥാനത്ത് വില്പന നടത്തി വരുന്നുണ്ടെന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | അന്വേഷണത്തിൽ പ്രധാനപ്പെട്ട ഒരു ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകളും കേരളത്തിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ അടുത്തകാലത്തായി readymade garments designer sari എന്നിവ വിൽക്കുന്നതിന് ചില ഓൺലൈൻ സൈറ്റുകൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. താഴെ പറയുന്ന സ്ഥാപനങ്ങൾ വഴിയാണ് മുഖ്യമായും ഓൺലൈൻ ഇടപാടുകൾ സംസ്ഥാനത്തു നടക്കുന്നത്.<br>Myntra, Jabong, Amazon, Snapdeal, e-Bay, WS Retail (Flipkart) . ഇതിൽ Myntra എന്ന നാമത്തിൽ ഓൺലൈൻ വ്യാപാരം നടത്തുന്ന സ്ഥാപനം Vector E Commerce Pvt.Ltd. എന്ന പേരിൽ എറണാകുളത്ത് 23.04.2014 ൽ വാറ്റ് രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. സ്റ്റോക്ക് |

| | | | |
|---|---|---|---|
| | | | ട്രാൻസ്ഫർ വഴി മറ്റു സംസ്ഥാനങ്ങളിൽ നിന്ന്, പ്രധാനമായും കർണാടകയിൽ നിന്ന്, എത്തിക്കുന്ന സാധനങ്ങൾ ഇവിടെ ബില്ല് ചെയ്താണ് ഉപഭോക്താക്കൾക്ക് നല്കുന്നത്. ഇവർ കൈകാര്യം ചെയ്യുന്ന പ്രധാന സാധനങ്ങൾ readymade goods, electronic and electric goods, leather goods എന്നിവയാണ്. 2014 ജൂൺ മുതൽ ഒക്ടോബർ വരെ 230.67 ലക്ഷം രൂപ നികുതിയിനത്തിൽ അടച്ചിട്ടുണ്ട്. |
| (സി) | ഇ-കോമേഴ്സ് സൈറ്റുകളിലൂടെയുള്ള വില്പനയ്ക്ക് നികുതി ഏർപ്പെടുത്തുന്നതിൽ കാലവിളംബം നേരിടുന്നത് എന്തു കൊണ്ടാണ്; ഇതുമൂലം ഉണ്ടായ നികുതി നഷ്ടം കണക്കാക്കിയിട്ടുണ്ടോ; | (സി) | നികുതി നഷ്ടം കണക്കാക്കാൻ ഈ വിഷയം പഠിക്കുവാൻ നിയോഗിച്ച കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും നിയമപരമായി കേരളത്തിലേയ്ക്ക് നടത്തുന്ന ഇത്തരം വില്പന, കേന്ദ്ര വില്പന നികുതി നിയമം, കേന്ദ്ര ചരക്ക് വില്പന നിയമം എന്നിവ അനുസരിച്ചാണ്. നിലവിൽ ഓൺലൈൻ വ്യാപാരങ്ങൾ തടയുവാനോ റെഗുലേറ്റ് ചെയ്യുവാനോ ഫലപ്രദമായ ഒരു നിയമവും ഇല്ല. അന്തർ സംസ്ഥാന വില്പന ഒരു കേന്ദ്ര വിഷയവുമാണ്. അതുകൊണ്ട് കേന്ദ്രസർക്കാരാണ് ഇതു സംബന്ധിച്ച് ഒരു നിയമം കൊണ്ടു വരേണ്ടത്. ഓൺലൈൻ സംവിധാനത്തിലൂടെ സാധനങ്ങൾ ഓർഡർ ചെയ്ത് അന്യ സംസ്ഥാനങ്ങളിൽ നിന്ന് ക്യാഷ് - ഓൺ - ഡെലിവറി സംവിധാനം മുഖേന സംസ്ഥാനത്ത് ചരക്കുകൾ എത്തിച്ച് വില്ക്കുന്ന സമ്പ്രദായം കേരള മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ പരിധിയിൽ വരും എന്നു കാണിച്ച് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം, വില്പന വില സ്വീകരിച്ച ഇടനിലക്കാരായ ചില ഏജന്റുമാരുടെ മേൽ പിഴ ചുമത്തിയിട്ടുണ്ട്. ഇതിന്റെ നിയമ സാധുത ചോദ്യം ചെയ്ത് അവർ സമർപ്പിച്ച ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ഡി) | നികുതി ഈടാക്കുന്നത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടു വാങ്ങി തീരുമാനം കൈക്കൊള്ളാതിരിക്കുന്നത് എന്തു കൊണ്ടാണ്? | (ഡി) | ബഡ്ജറ്റ് നിർദ്ദേശ പ്രകാരം ഓൺലൈൻ വ്യാപാരം സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് പഠിക്കാൻ വാണിജ്യ നികുതി ജോയിന്റ് കമ്മീഷണർ-1 അദ്ധ്യക്ഷയായി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട ഓൺലൈൻ വ്യാപരികളുടെയും കൊറിയർ/ പാഴ്സൽ സ്ഥാപനങ്ങളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ചർച്ച നടത്തി. ചില വിഷയങ്ങളിന്മേൽ ഇനിയും പരിശോധന ആവശ്യമായതിനാലും മറ്റു ചില വിഷയങ്ങളിൽ കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടതിനാലും റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. അന്തർസംസ്ഥാന വിൽപന ഒരു കേന്ദ്ര വിഷയമായതിനാൽ കേന്ദ്ര സർക്കാരാണ് ഇതു സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | നിയമനിർമ്മാണം നടത്തേണ്ടത്. ധനമന്ത്രിമാരുടെ ഉന്നതാധികാര സമിതിയിൽ കേരളം ഈ കാര്യം ഉന്നയിക്കുകയും എല്ലാ സംസ്ഥാനങ്ങളും ഓൺലൈൻ വ്യാപാരത്തിൽ ഉണ്ടാകുന്ന നികുതി ചോർച്ചയെക്കുറിച്ച് ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. ഇക്കാര്യം പഠിക്കുവാൻ ഒരു സമിതിയെ നിയോഗിക്കണമെന്നും ഓർഡർ നൽകുന്ന ഉപഭോക്താവിന്റെ വിലാസം ഉള്ള സംസ്ഥാനത്തുതന്നെ നികുതി ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ കൊണ്ടു വരേണ്ടതാണെന്നും കേരളം ആവശ്യപ്പെട്ടു. മറ്റ് സംസ്ഥാനങ്ങളും ഇത് പിന്തുണയ്ക്കുകയുണ്ടായി. ഈ ആവശ്യം ഉന്നതാധികാര സമിതിയുടെ പരിഗണനയിലാണ്. ശീതകാല സമ്മേളനത്തിൽ ഈ വിഷയം പാർലമെന്റിൽ ഉന്നയിക്കുവാൻ എം.പി. മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**